# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2006 ഫെബ്രുവരി 13, തിങ്കൾ

വാല്യം CXXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 2006 ഫെബ്രുവരി മാസം 13-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

ചോദ്യം നമ്പർ [*66]

ധനകമ്മിയും റവന്യു കമ്മിയും കുറയ്ക്കാൻ നടപടി

1 [*66] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

,, എം. പ്രകാശൻ മാസ്റ്റർ :

,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന ധനകമ്മിയും റവന്യുകമ്മിയും കുറച്ചുകൊണ്ടുവരുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്രവുമായി ഒപ്പുവച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ നടപടി അനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് ഇതിനകം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത് ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൻ സമർപ്പിച്ച സേവന നികുതിയുടെ രൂപരേഖയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ടോ ;

2/333/2012/SMT—I

(ഡി) പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ അനുസരിച്ച് ഇടക്കാല സാമ്പത്തിക പരിഷ്ക്കരണത്തിലൂടെ 2004-05-ൽ റവന്യു കമ്മി ജി.എസ്.ഡി.പി.-യുടെ എത്ര ശതമാനമായി നിജപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) 2004-05-ൽ ധനകമ്മിയും റവന്യുകമ്മിയും മുൻവർഷത്തെ അപേക്ഷിച്ച് കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. റവന്യുകമ്മി ക്രമാനുഗതമായി ഇല്ലാതാക്കിക്കൊണ്ടും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായ വിധം കടത്തിന്റെ സ്ഥായിയായ മാനേജുമെന്റിലൂടെയും വർദ്ധിച്ച സുതാര്യതയിലൂടെയും ഒരു മിതകാല പദ്ധതിയിലൂടെ സാമ്പത്തിക നയം നടപ്പിലാക്കിക്കൊണ്ടും ദീർഘവീക്ഷണത്തോടുകൂടിയ ധനമാനേജ്മെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിനുമുള്ള സർക്കാരിന്റെ ഉത്തരവാദിത്വവും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് 2003-ൽ പുറപ്പെടുവിച്ചു. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വിശദവിവരങ്ങൾ അനുബന്ധം I-ആയി കൊടുത്തിരിക്കുന്നു. †

(ബി) വിശദവിവരങ്ങൾ അനുബന്ധം I-A-ൽ കൊടുത്തിരിക്കുന്നു. †

(സി) ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ പരിപാടിയിൽ സേവന നികുതി പിരിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്ക് നൽകുന്നതിനെ സംബന്ധിച്ച് ഒന്നും പ്രതിപാദിച്ചിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. അതിന് ഔദ്യോഗികമായ മറുപടി ഒന്നും ലഭിച്ചിട്ടില്ല.

(ഡി) പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കാനുള്ള കാലാവധി 31-3-2005-ൽ അവസാനിച്ചു. ഇപ്പോൾ 12-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളാണ് നടപ്പിലാക്കിവരുന്നത്. 2004-05-ൽ റവന്യു കമ്മി ജി.എസ്.ഡി.പി.ഡി.-യുടെ 3.65 ശതമാനമായിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുറപ്പെടുവിച്ച ധവളപത്രത്തിലും പിന്നീട് കൊണ്ടുവന്ന 2003-ലെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലും പ്രധാനമായി പറഞ്ഞത് ധനകമ്മി കുറച്ച് 2 ശതമാനമാക്കുമെന്നാണ്. റവന്യുകമ്മി പൂജ്യം ശതമാനമാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. സാമ്പത്തിക പരിഷ്ക്കരണ നടപടികളുടെ ഭാഗമായി നിയമന നിരോധനം, സേവന മേഖലയിലെ നിരക്ക് വർദ്ധിപ്പിക്കൽ, ജീവനക്കാരുടെ ആനുകൂല്യം മരവിപ്പിക്കൽ ഇങ്ങനെയുള്ള എല്ലാ സാമ്പത്തിക പരിഷ്ക്കരണ നടപടികളും സ്വീകരിച്ച് അഞ്ച് കൊല്ലം നിങ്ങൾ ഭരിച്ചിട്ടും ധനകമ്മി 2 ശതമാനമായി കുറയ്ക്കാൻ കഴിയാതിരുന്നതും റവന്യുകമ്മി പൂജ്യം ശതമാനമാക്കി സീറോ ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയാതെ പോയതും എന്തുകൊണ്ടാണ്; നിങ്ങളുടെ മിസ് മാനേജ്മെന്റിന്റെ ഫലമായിട്ടല്ലേ ഇത് സംഭവിച്ചത് ?

ശ്രീ. വക്കം പുരുഷോത്തമൻ: മിസ് മാനേജ്മെന്റ് എന്ന വാക്ക് ചേർക്കുന്നത് കൊള്ളാമെന്നല്ലാതെ മിസ്-മാനേജ്മെന്റല്ല, എഫിഷ്യന്റ് മാനേജ്മെന്റ് ആയതുകൊണ്ടാണ് ഇന്ന് കാണുന്ന സ്ഥിതിവിശേഷത്തിലെത്തിച്ചേർന്നത്. പിന്നെ കേന്ദ്ര ഗവൺമെന്റിന്റെ

† അനുബന്ധം I & I-A

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ഷനനുസരിച്ചാണ്, ഫിനാൻസ് കമ്മിഷന്റെ ഡയറക്ഷനനുസരിച്ചാണ് നമ്മൾ ഈ നിയമങ്ങളെല്ലാം കൊണ്ടുവന്നത്. പക്ഷേ അവർ തന്നെ, XII-Central Finance Commission തന്നെ, അത് കറക്ട് ചെയ്തിട്ടുണ്ട്. 12-ാം ഫിനാൻസ് കമ്മിഷൻ ഇവിടെ നിങ്ങൾക്ക് തന്നിരിക്കുന്ന Medium Term Fiscal Policy and Statistic Statement -ൽ പറഞ്ഞിട്ടുണ്ട്. The 12th Central Finance Commission, however, in its report submitted after the passage of the State Fiscal Responsibility Act, targets elimination of the State's revenue deficit by March, 2009 എന്ന്. അതുവരെ നീട്ടിയിട്ടുണ്ട്. 2009-ൽ ചെയ്താൽ മതിയെന്ന് പറഞ്ഞിട്ടുണ്ട്. .....and reduction of the fiscal deficit to 3%. .....അതനുസരിച്ച് രണ്ടെന്നുള്ളത് മൂന്ന് ശതമാനം ആക്കിയാൽ മതി. അത് 2009-ൽ ആക്കിയാൽ മതിയെന്ന് ഇതിൽ പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് നമ്മൾ ആക്ടിൽ സ്വല്പം അമെന്റ്മെന്റ് വരുത്തും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതിൽ നിന്ന് വ്യക്തമാകുന്നത് യു.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ച കാര്യം നടപ്പിലാക്കാൻ 5 കൊല്ലം കൊണ്ട് സാധിച്ചില്ല എന്നല്ലേ? ഇപ്പോൾ ഇവിടെ ധനകമ്മി വർദ്ധിക്കാനും ഇത്തരത്തിലുള്ള റവന്യൂകമ്മി വർദ്ധിക്കാനും ഇടയായതിന് പ്രധാന കാരണം ഇവിടെ പ്ലാൻ വെട്ടിക്കുറച്ചു, പദ്ധതിയേതര ചെലവ് വർദ്ധിച്ചു എന്നുള്ളതാണ്. 14 മന്ത്രിമാർ ഉണ്ടായിരുന്ന സംസ്ഥാനത്ത് 21 മന്ത്രിമാരാക്കി. പി.എസ്.സി. മെമ്പർമാരുടെ എണ്ണം കൂട്ടി. ഇങ്ങനെ ഓരോ പദ്ധതിയേതരച്ചെലവും വർദ്ധിച്ചതിന്റെ ഫലമായിട്ടല്ലേ സാമ്പത്തികമായി ഇത്തരത്തിലുള്ള അപകടം സംസ്ഥാനത്തുണ്ടായത്? വാറ്റ് നടപ്പിലാക്കി കിട്ടേണ്ട സാമ്പത്തിക വരുമാനം മറ്റ് സ്റ്റേറ്റുകൾക്ക് കിട്ടിയപ്പോൾ ഇവിടെ കിട്ടാതായി. അങ്ങനെ ഗവൺമെന്റ് സ്വീകരിച്ച പിടിപ്പുകേടിന്റെ ഫലമായിട്ടല്ലേ സാമ്പത്തികമായി ഗുരുതരമായ അവസ്ഥയിൽ ഗവൺമെന്റ് എത്തിച്ചേർന്നത് എന്നുള്ളത് വ്യക്തമാക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ടത് കേരളം വളരെ നല്ല സാമ്പത്തിക ഭദ്രതയുള്ള ഒരു സംസ്ഥാനമാണ് എന്നുള്ളതാണ്. ഈ കമ്മിയെന്നു പറയുന്നത് പ്ലാനിംഗ് കമ്മിഷൻ അംഗീകരിക്കുന്ന കമ്മിയാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ? ഓരോ വർഷവും പ്ലാൻ ഡിസ്ക്ഷനു പോകുമ്പോൾ നമ്മുടെ പ്ലാൻ എത്രയാണ് എന്നതിനോടൊപ്പം നമ്മളെടുക്കുന്ന ലോണിന്റേതും അവിടെ ഡിസ്ക്കസ് ചെയ്യും. അത് പ്ലാനിംഗ് കമ്മിഷൻ കൊടുക്കുന്നതനുസരിച്ച് ഫിനാൻസ് മിനിസ്റ്റർ എഴുതിത്തരും. ബഡ്ജറ്റിൽ ഓരോ വർഷവും കാണിക്കുന്ന കമ്മിയാണ് പറയുന്നത്. പ്ലാനിംഗ് കമ്മിഷൻ അംഗീകരിച്ച്, ഫിനാൻസ് മിനിസ്റ്റർ എഴുതിത്തരുന്നതാണ്. അത് ആദ്യമേ ബഡ്ജറ്റിൽ വയ്ക്കുന്നതാണ്. അല്ലാതെ ഓരോ വർഷവും ചെലവാക്കിക്കഴിഞ്ഞ് വയ്ക്കുന്നതല്ല. കമ്മി ഇത്രയെന്ന് ആദ്യമേ വയ്ക്കും. ഇപ്പോൾ അയ്യായിരത്തിൽ ചിലാനം കമ്മിയെന്നു പറയുന്നത് അവർ അംഗീകരിച്ചതാണ്. അതിൽ കൂടുതൽ കമ്മിയെടുക്കാൻ നമുക്ക് കഴിയുകയില്ല. അവരുടെ അനുവാദം വേണം. ബഹുമാനപ്പെട്ട മെമ്പർക്ക് അത് അറിയാമെന്നാണെന്റെ വിശ്വാസം. അല്ലെങ്കിൽ ഡോ. തോമസ് ഐസക്കിന് അതറിയാം. അതിൽനിന്ന് കൂടുതൽ ഒരു രൂപ എടുക്കണമെന്നുണ്ടെങ്കിൽ ഗവൺമെന്റിന്റെ അനുവാദം വേണം. അല്ലാതെ എടുക്കാൻ ഒക്കില്ല. ബഹുമാനപ്പെട്ട



LIBRARY ARCHIVES Kerala Legislative Assembly

മെമ്പർ മനസ്സിലാക്കണം ഇന്നത്തെ ഇവിടത്തെ സാമ്പത്തിക സ്ഥിതി. നിങ്ങൾ ഇറങ്ങിപ്പോയ കൊല്ലത്തിൽ 2000-2001-ൽ 213 ദിവസം ഓവർഡ്രാഫ്റ്റ് ആയിരുന്നു. അതുകൂടാതെ നാലായിരം കോടിയിലധികം രൂപ ബാദ്ധ്യതയുണ്ടാക്കി വച്ചിട്ടാണ് നിങ്ങൾ പോയത്. നാലായിരത്തിൽ ചിലാനം കോടി രൂപ രണ്ടാമത് വന്ന ഗവൺമെന്റിന് നിങ്ങൾ ബാദ്ധ്യത ഉണ്ടാക്കിവച്ചതാണ്. അത് വൈറ്റ് പേപ്പറിൽ കാണിച്ചിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ പറയേണ്ട കാര്യമില്ല. അത്രയും വരുത്തിവച്ചിട്ടാണ് പോയത്. .....അതാണ് ഞാൻ പറഞ്ഞത്. പിന്നീടുവന്ന എ. കെ. ആന്റണി ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടാക്കിയിട്ടാണ് നിങ്ങൾ പോയത്. 2001-2002-ൽ 222 ദിവസം ഓവർഡ്രാഫ്റ്റ് വന്നു. അത് പക്ഷെ കുറഞ്ഞു, 2002-2003-ൽ 196 ആയി കുറച്ചുകൊണ്ടുവന്നു. 2003-2004-ൽ 178 ആയി കൊണ്ടുവന്നു. 2004-2005-ൽ 124 ആയി കൊണ്ടുവന്നു. എന്നിട്ട് 2005-2006-ൽ അത് വെറും 47 ദിവസമാണ്. പത്തര മാസമായല്ലോ വെറും 47 ദിവസമേയുള്ളൂ. ബഹുമാനപ്പെട്ട കോടിയേരിയുടെ അറിവിലേക്ക് വേണ്ടി പറയാം, കഴിഞ്ഞ നാലര മാസമായിട്ട് വെറും 7 ദിവസത്തെ ഓവർഡ്രാഫ്റ്റ് മാത്രമേ ഉണ്ടായിട്ടുള്ളൂ. ഈ വർഷം ഇതുവരെ ഒരു ദിവസത്തെ ഓവർഡ്രാഫ്റ്റ് പോലും വന്നിട്ടില്ല. ഇപ്പോൾ ഈ മാസം ഇന്ന് തീയതി. 13 ആയി ഞങ്ങൾ Ways and Means-ൽ പോലും അല്ല. 355 കോടി രൂപ കഴിഞ്ഞാണ് പിന്നെ ഓവർഡ്രാഫ്റ്റ് വരുന്നത്. 355 കോടി രൂപ Ways and Means നമുക്കുണ്ട്. നമ്മൾ ആ Ways and Means-ൽ പോലുമല്ല. ഈ മാസം മുഴുവൻ പ്ലസിലാണ് പോകുന്നത്. അപ്പോൾ ഇത്രയും സാമ്പത്തിക ഭദ്രത എങ്ങനെ വന്നു. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദമില്ലാതെ ഒരു പൈസ കടമെടുക്കാൻ പറ്റില്ല. ഒരു കാലത്തുമുണ്ടായിട്ടില്ലാത്ത സാമ്പത്തിക ഭദ്രത കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : നികുതി വരുമാന വർദ്ധനവിന്റെ രംഗത്ത് എൽ.ഡി.എഫിന്റെ കാലത്ത് വളരെ മോശമായിരുന്നു നില എന്നുള്ളതാണ് ധവളപത്രത്തിന്റെ ഭാഗമായി നേരത്തെ പറഞ്ഞത്. ആ ധവളപത്രത്തിൽത്തന്നെ പറയുന്നത് യു.ഡി.എഫിന്റെ കാലത്ത് നികുതി വരുമാന വളർച്ചാനിരക്ക് 18.05 ശതമാനമായിരുന്നു. 2000-2001-ൽ 13.03 ശതമാനമാണെന്ന് നമ്മുടെ സാമ്പത്തിക സർവെയ്ക്കകത്ത് പറയുന്നുണ്ട്. ഇതിപ്പോൾ കുറഞ്ഞിട്ട് 2004-2005-ൽ 10.82 ശതമാനത്തിൽ എത്തി നിൽക്കുകയാണ്. യഥാർത്ഥത്തിൽ നികുതി വരുമാന വളർച്ചാനിരക്ക് വലിയ നിരക്കിൽ കുറയാനിടയായിട്ടുള്ളത് സംസ്ഥാന ഗവൺമെന്റ് റവന്യു റിക്കവറിക്ക് അനാവശ്യമായി നൽകിയിട്ടുള്ള സ്റ്റേ കാരണമായതുകൊണ്ടാണെന്നുള്ള കാര്യം ഗവൺമെന്റിന് അറിയാമോ ? എത്ര സംഖ്യയ്ക്കുള്ള നികുതി കുടിശ്ശികയ്ക്കാണ് റവന്യു റിക്കവറിക്ക് ഈ ഗവൺമെന്റ് സ്റ്റേ നൽകിയിട്ടുള്ളതെന്നുള്ള കാര്യം മന്ത്രി വ്യക്തമാക്കുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : അതിപ്പോൾ എത്രയെണ്ണത്തിന് സ്റ്റേ ഉണ്ടെന്നുള്ളത് നോക്കണം. പക്ഷെ മന്ത്രിമാർ സ്റ്റേ കൊടുക്കാൻ പാടില്ലായെന്ന് ഗവൺമെന്റ് നിയമം പാസാക്കിയിട്ടുണ്ട്. ഇപ്പോൾത്തന്നെ റവന്യു റിക്കവറിയായാലും

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേ കൊടുക്കണമെന്നുണ്ടെങ്കിൽ റവന്യൂ വകുപ്പുമന്ത്രി വിചാരിച്ചാൽ മാത്രം കൊടുക്കാൻ പറ്റില്ല. റവന്യൂ വകുപ്പുമന്ത്രി റെക്കമെന്റ് ചെയ്യണം. ഫിനാൻസ് മിനിസ്റ്റർ അപ്രൂവ് ചെയ്യണം. ചീഫ് മിനിസ്റ്റർ അപ്രൂവ് ചെയ്യണം. എന്നാൽ മാത്രമേ ഇപ്പോൾ സ്റ്റേ കൊടുക്കാൻ പോലും പറ്റുകയുള്ളൂ. അങ്ങനെയുള്ള ഫോർമാലിറ്റീസ് ഇതിൽ വച്ചിരിക്കുന്നത് അനാവശ്യമായിട്ട് സ്റ്റേ കൊടുക്കാതിരിക്കാനാണ്. ധനകാര്യ വകുപ്പുമന്ത്രിയും ചീഫ് മിനിസ്റ്ററും കണ്ടാൽ മാത്രമേ സ്റ്റേ കൊടുക്കാൻ പറ്റുകയുള്ളൂ.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഞാൻ ചോദിച്ചത് നികുതി വരുമാന വളർച്ചാ നിരക്കിൽ വലിയ കുറവുണ്ടായിട്ടുണ്ടോയെന്ന കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി അതിന് ഉത്തരം പറഞ്ഞില്ല. എന്റെ രണ്ടാമത്തെ ചോദ്യം, 11-ാം ധനകാര്യ കമ്മീഷൻ പ്രഖ്യാപിച്ച സംസ്ഥാന വിഹിതത്തിൽ നിന്ന് വലിയ നിലയ്ക്കുള്ള കുറവാണ് 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡിൽ വന്നിട്ടുള്ളത്. 3.057-ൽ നിന്ന് 2.665 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡിൽ സംസ്ഥാന വിഹിതം നിശ്ചയിച്ചതിൽ ഉണ്ടായിട്ടുള്ള ഈ വലിയ കുറവ് പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റുമായി എന്തെങ്കിലും ചർച്ച സംസ്ഥാന ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; ഇത് ഒഴിവാക്കി തരാം, കേരളത്തിന് കോമ്പൻസേറ്റ് ചെയ്ത് തരാമെന്ന നിലയിലുള്ള എന്തെങ്കിലും ഉറപ്പ് കേന്ദ്ര ഗവൺമെന്റിൽ നിന്നും സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ?

ശ്രീ. വക്കം പുരുഷോത്തമൻ : ഒരു തവണ അവാർഡ് തന്നാൽ അത് കറക്ട് ചെയ്യാൻ സാധിക്കില്ല. അത് വേറെ രീതിയിൽ കോമ്പൻസേറ്റ് ചെയ്ത് എന്തെങ്കിലും വാങ്ങാനേ സാധിക്കൂ. അതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. പ്രശ്നം അതല്ല. കേരളത്തിനുള്ള അവാർഡ് കുറച്ചതല്ല. അവർ അതിനൊരു norms തീരുമാനിക്കും. ആ norms ഇത്തവണ തീരുമാനിച്ചത് നമുക്ക് unfavourable ആയിട്ട് വന്നതിന്റെ പ്രധാനപ്പെട്ട കാരണം വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തുമെല്ലാം നമ്മൾ നേടിയ നേട്ടമാണ്. അത് നമുക്ക് കുറച്ച് പ്രതികൂലമായി വന്നു. പുതിയതായി ഉണ്ടാക്കിയ norms അനുസരിച്ച് നേട്ടങ്ങൾ ഇല്ലാത്ത സംസ്ഥാനങ്ങൾക്ക് കൂടുതൽ പരിഗണന കിട്ടി. നമ്മൾ ആ രംഗത്തെല്ലാം ഡെവലപ് ചെയ്തത് നമുക്ക് അസിസ്റ്റൻസ് കുറയാനൊരു കാരണമായി.

ശ്രീ. കെ. രാധാകൃഷ്ണൻ : ധനകമ്മിയും അതുപോലെതന്നെ റവന്യൂ കമ്മിയുമെല്ലാം കുറച്ച് കേരളം സാമ്പത്തിക ഭദ്രത കൈവരിച്ചുവെന്ന് ബഹുമാന്യനായ മന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ 2004-05 സാമ്പത്തിക വർഷത്തിൽ റിസർവ് ബാങ്കിന്റെ വാർഷിക റിപ്പോർട്ടിൽ പറയുന്നത്, കേരളം കടം വാങ്ങാൻ പോലും ശേഷിയില്ലാത്ത സംസ്ഥാനമായി മാറിയെന്നാണ്. അങ്ങനെ കടം വാങ്ങാൻ പോലും ശേഷിയില്ലാത്ത അവസ്ഥയിലേക്ക് കേരളം എത്തിനിൽക്കുമ്പോൾ നമ്മൾ സാമ്പത്തിക രംഗത്ത് മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തി എന്നാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറയുന്നത്. റിസർവ് ബാങ്ക് പറഞ്ഞതാണോ ശരി, സംസ്ഥാന ഗവൺമെന്റ് പറഞ്ഞതാണോ ശരി എന്നത് സഭയിൽ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ : വാർഷിക റിപ്പോർട്ടിൽ അങ്ങനെ പറഞ്ഞിട്ടുണ്ടോ എന്നുള്ളതു വേറെ പ്രശ്നം. Budget in brief-ൽ debt outstanding 2005 വരെ ഉള്ളതു വച്ചുകൊണ്ടാണ് അവർ പബ്ലിഷ് ചെയ്തിരിക്കുന്നത്. 2005 വരെയുള്ളതിൽ കേരളത്തിന്റെ കടം 40,420 കോടി രൂപ. വെസ്റ്റ് ബംഗാളിന്റെ കടം 95,246 കോടി രൂപ. യു.പി.യുടെ കടം 1,14,737 കോടി രൂപ. പല സംസ്ഥാനങ്ങളിലും 60,000 കോടി, 66,000 കോടി, 70,000 കോടി രൂപ എന്നിങ്ങനെയാണ്. ഇത് ആർ.ബി.ഐ.-യുടെ കണക്കാണ്. ഈ കടം അല്ല മാനദണ്ഡം. അത് മനസ്സിലാക്കണം. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തുക എങ്ങനെ മാനേജ് ചെയ്യുന്നു എന്നുള്ളതാണ്. അവർ അലോട്ട് ചെയ്ത, അവർ അനുവദിച്ച കടമുൾപ്പെടെ, നമ്മുടെ കടം എത്രയാണ് വരുന്നത്? നാഷണൽ സേവിംഗ്സ് മുഴുവൻ നമുക്ക് കടമായിട്ട് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരിക്കുകയാണ്. അതിൽത്തന്നെ ഈ വർഷം 2600 മുതൽ 3000 വരെയാണ് നമ്മൾ എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത്. അത് automatic ആയിട്ട് വരുന്നതാണ്. എൽ.ഐ.സി.-യുടേതുണ്ട്, ജി.ഐ.സി.-യുടേതുണ്ട്. അതെല്ലാം കൂടി ചേർന്നാണ് ഇത്രയും വരുന്നത്. അത് എല്ലാ സംസ്ഥാനങ്ങൾക്കുമുള്ളതാണ്. ഗവൺമെന്റ് ഓർഡർ വേണമെന്നേയുള്ളൂ. അങ്ങനെ വരുന്ന പണം വച്ചുകൊണ്ട് എല്ലാ സംസ്ഥാനങ്ങൾക്കും കിട്ടുന്ന, ഇവിടെ പണ്ട് മുതൽ കിട്ടിക്കൊണ്ടിരുന്ന പണം വച്ചുകൊണ്ട് നമ്മൾ വളരെ സാമ്പത്തികമായ അച്ചടക്കമുണ്ടാക്കി. അതുകൊണ്ടാണ് ഈ നേട്ടം കൈവരിച്ചത്.

ശ്രീ. കെ. രാധാകൃഷ്ണൻ : സംസ്ഥാന ഗവൺമെന്റ് പറയുന്നതാണോ റിസർവ് ബാങ്ക് പറയുന്നതാണോ ശരി എന്നുള്ളതിന് വ്യക്തമായിട്ടുള്ള മറുപടി പറഞ്ഞില്ല. എന്റെ രണ്ടാമത്തെ ചോദ്യം, നമ്മുടെ സാമ്പത്തിക സ്ഥിതിയെല്ലാം മെച്ചപ്പെട്ടു എന്നാണല്ലോ ഇപ്പോൾ പറയുന്നത്. അങ്ങനെയാണെങ്കിൽ കേന്ദ്ര ഗവൺമെന്റുമായി ഇടക്കാല സാമ്പത്തിക പരിഷ്ക്കാര നടപടി നമ്മൾ ഒപ്പുവച്ചപ്പോൾ ഇവിടെ നിയമനം നിരോധിക്കാം, പൊതുമേഖലാ സ്ഥാപനങ്ങൾ ഇല്ലാതാക്കാം, ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കാം എന്നെല്ലാം പറഞ്ഞിരുന്നു. ഇപ്പോൾ അതെല്ലാം പുനഃസ്ഥാപിക്കപ്പെട്ടു എന്നാണല്ലോ പറയുന്നത്. ആ ഒരു അവസ്ഥയിൽ നിയമനം നിരോധിച്ചപ്പോൾ അന്ന് ജോലി ലഭിക്കുമായിരുന്നെങ്കിൽ ഏകദേശം 75,000 പേർക്ക് ജോലി കിട്ടുമായിരുന്നു. ഇപ്പോൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചൊക്കെ ചർച്ച ചെയ്യുകയാണ്. 75,000 ആളുകളെ നിയമിക്കുകയാണെങ്കിൽ അതിനനുസരിച്ച് 32,500-ഓളം പിന്നോക്ക-പട്ടികജാതി-ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നിയമനം ലഭിക്കും. നമ്മുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട സ്ഥിതിക്ക് ആ നിയമനം നടത്താൻ തയ്യാറാകുമോ? അതുപോലെ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ എല്ലാം തന്നെ പുനഃസ്ഥാപിക്കാൻ തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : ഇവിടെ യാതൊരു നിയമന നിരോധനവുമില്ല. ഞാൻ കഴിഞ്ഞ ദിവസം ഇവിടെ വായിച്ചതാണ്. നിയമന നിരോധനം കൊണ്ടുവന്നത് ഇതിനുമുൻപുള്ള എൽ.ഡി.എഫ്. ഗവൺമെന്റാണ്. അതിന്റെ ജി.ഒ.-യും ഇവിടെ വായിച്ചു. അതുമാത്രമല്ല നിങ്ങൾ കഴിഞ്ഞ അഞ്ച് വർഷക്കാലം പി.എസ്.സി മുഖാന്തിരം നിയമിച്ചതിനേക്കാൾ ഏതാണ്ട് 50 ശതമാനത്തോളം കൂടുതൽ ആളുകളെ നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

ഈ വർഷം നിയമിച്ചു. പി.എസ്.സി.-യുടെ കണക്കാണ്. ഈ വർഷത്തെ മൂന്ന് മാസം കൂടി എടുക്കുമ്പോൾ പി.എസ്.സി. തന്ന കണക്കനുസരിച്ച് നിങ്ങൾ 5 വർഷം നിയമിച്ചതിനേക്കാൾ കൂടുതൽ ആളുകളെ നിയമിച്ചു. Unofficial ആയിട്ട് കിട്ടിയത നുസരിച്ച് ഏതാണ്ട് 25,000 കൂടിയിട്ടുണ്ട്. ഏതാണ്ട് ഒരു അസ്സെസ്മെന്റാണെങ്കിൽ ഈ വർഷം അവസാനിക്കുമ്പോൾ നിങ്ങൾ അഞ്ച് കൊല്ലക്കാലം പി.എസ്.സി. മുഖാന്തിരം നിയമിച്ചതിനേക്കാൾ ഏതാണ്ട് 50 ശതമാനത്തോളം കൂടുതൽ ആളുകളുടെ നിയമനം പി.എസ്.സി. മുഖാന്തിരം ഈ വർഷം നടക്കും.

ശ്രീ. വി. ഡി. സതീശൻ : നിയമസഭ പാസ്സാക്കിയ ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്റ്റിൽ റവന്യൂ കമ്മി തീരെ ഇല്ലാതായിരിക്കുകയും ധനകമ്മി 2 ശതമാനമാക്കി കുറയ്ക്കുമെന്നാണ് പറയുന്നത്. 1999-ൽ നമ്മുടെ ധനകമ്മി ആഭ്യന്തര ഉൽപ്പാദനത്തിന്റെ 7.2 ശതമാനമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിപ്പോൾ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 4.4 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. യഥാർത്ഥത്തിൽ ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്റ്റിൽ 2009-ൽ ലക്ഷ്യം കൈവരിക്കാനുള്ള മാർഗ്ഗത്തിലെ വളരെ നല്ല പ്രയാണമായിട്ടാണ് ഈ സാമ്പത്തിക സൂചകം സൂചിപ്പിക്കുന്നത്. യൂറോപ്പിൽപോലും ആഭ്യന്തര ഉല്പാദനത്തിന്റെ മൂന്ന് ശതമാനമാണ് ധനകമ്മി എന്നിരിക്കെ നമ്മുടെ സംസ്ഥാനത്ത് മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 4.4 ശതമാനമായി കുറഞ്ഞിരിക്കുന്നത് മികച്ച സാമ്പത്തിക മാനേജുമെന്റ് കാഴ്ച വച്ചതുകൊണ്ടല്ലേ എന്നാണ് എന്റെ ചോദ്യം ?

ശ്രീ. വക്കം പുരുഷോത്തമൻ : തീർച്ചയായും അതുകൊണ്ടു തന്നെയാണ്.

ശ്രീ. എ. കെ. ബാലൻ : കേരളം സാമ്പത്തിക ഭദ്രതയിൽ ഏറ്റവും പിന്നിൽ എന്നാണ് മാതൃഭൂമി 16-1-2005-ൽ റിപ്പോർട്ട് ചെയ്തത്. 2004-05-ൽ 348 ദിവസം ദൈനംദിന ചെലവുകൾക്കായി റിസർവ് ബാങ്കിനെ ആശ്രയിച്ചു. 161 ദിവസം ഓവർഡ്രാഫ്റ്റിലായിരുന്നു. ഇത് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ആനുവൽ റിപ്പോർട്ടിലുള്ള കാര്യമാണ്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ആനുവൽ റിപ്പോർട്ട് സൂചിപ്പിക്കുന്നത്, കേരളമാണ് ഇൻഡ്യാ രാജ്യത്തിൽ സാമ്പത്തിക ഭദ്രതയിൽ ഏറ്റവും പിന്നിലെന്നാണ്. ഇതിന്റെ ഭാഗമായിട്ട് കേരളത്തിന് സാമ്പത്തിക രംഗത്ത് മുന്നേറാൻ കഴിഞ്ഞില്ലെന്ന് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 27-12-2005-ന് കൊച്ചിൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ രജത ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് എറണാകുളം ടൗൺ ഹാളിൽ ചേർന്ന സമ്മേളനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്റ്റിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ 6 പ്രകാരം എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി എപ്പോഴെങ്കിലും ചേർന്നിട്ടുണ്ടോ ? അതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മെമ്പറാണ്. അദ്ദേഹത്തിന് വിവരം കൊടുത്ത് ഏതെങ്കിലും ഒരു കമ്മിറ്റി ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്റ്റിൽ പറഞ്ഞതു പ്രകാരം നിങ്ങൾ കൂടിയിട്ടുണ്ടോ ?

ശ്രീ. വക്കം പുരുഷോത്തമൻ : ഒരു കമ്മിറ്റി വയ്ക്കുകയും ആ കമ്മിറ്റി കൂടുകയും ചെയ്തിട്ടുണ്ട്. All India fame ആയ ഒരാളെയാണ് ചെയർമാനായി വച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ആ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. പത്രങ്ങളുടെ കാര്യമൊക്കെ പറഞ്ഞു, with all my respect to all papers, ഞാൻ ഇവിടെ പറഞ്ഞതെല്ലാം കണക്കുകളുടെ അടിസ്ഥാനത്തിലാണ്. ഞാൻ വേറെയൊന്നും deny ചെയ്യാൻ തയ്യാറല്ല. എനിക്ക് തോന്നിയതുപോലെ പറഞ്ഞതല്ല. കണക്കിന്റെ അടിസ്ഥാനത്തിൽ, റിക്കാർഡിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പറഞ്ഞത്.

ഡോ. എം. എ. കുട്ടപ്പൻ : സർ, 2000-01-ൽ ജീവനക്കാരുടെ പി.എഫ്.-ൽ നിന്ന് തുക പിൻവലിക്കുമ്പോൾ അതിൽ ഒട്ടേറെ നിയന്ത്രണങ്ങളുണ്ടായിരുന്നു. അതുപോലെതന്നെ ജീവനക്കാർ പെൻഷനാകുമ്പോൾ A.G.-ൽ നിന്ന് പേപ്പർ കിട്ടിയാൽ പോലും എട്ടോ ഒൻപതോ തവണയായിട്ടാണ് പെൻഷൻ കൊടുത്തിരുന്നത്. അങ്ങ് 'എ' ചോദ്യത്തിന് ഉത്തരമായിട്ട് അനുബന്ധത്തിലുണ്ട് എന്നുപറഞ്ഞു. അനുബന്ധം ഞാൻ കണ്ടില്ല. എടുത്തിട്ടുള്ള നടപടികളുടെ ഫലമായി ഇക്കാര്യത്തിൽ എത്രമാത്രം മാറ്റമുണ്ടാക്കി എടുക്കാൻ സാധിച്ചിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : അങ്ങനെയുള്ള യാതൊരു റെസ്ട്രിക്ഷനും ഇല്ല. പണം വിത്ഡ്രാ ചെയ്യുന്നതിന് വളരെ liberalisation കൊണ്ടുവന്നിരിക്കുന്നു. അതുകൊണ്ട് യാതൊരു റെസ്ട്രിക്ഷനുമില്ല.

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതു പോലെ കേന്ദ്ര സർക്കാർ നമ്മുടെ പ്ലാനിംഗ് കമ്മീഷൻ പദ്ധതി അംഗീകരിക്കുന്നതിന് മുൻപ് വരുത്തി വച്ച കടവും കമ്മിയുമൊക്കെ പരിശോധിക്കും, അംഗീകരിക്കും. ഇന്ന് മാത്രമല്ല എന്നും അങ്ങനെയാണ്. അംഗീകരിച്ചു കഴിഞ്ഞാൽ പ്ലാനിംഗ് കമ്മീഷൻ അടുത്ത വർഷം എന്ത് വരുമാനമുണ്ടാകും, എത്ര വായ്പ കിട്ടുമെന്നൊക്കെ പരിശോധിച്ച് ഒരു പദ്ധതി അടങ്കൽ അംഗീകരിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്ങനെ പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച അടങ്കൽ വെട്ടിച്ചുരുക്കാത്ത ഒരു വർഷമുണ്ടായിട്ടുണ്ടോ; നടപ്പ് വർഷവും നിങ്ങൾ വെട്ടിച്ചുരുക്കാനല്ലേ പോകുന്നത് ?

ശ്രീ. വക്കം പുരുഷോത്തമൻ : ഫിനാൻസിൽ നിന്ന് അങ്ങനെ വെട്ടിച്ചുരുക്കുന്നതല്ല. ചെലവായില്ലെങ്കിൽ വെട്ടിച്ചുരുക്കും. ഉദാഹരണമായി, ലോക്കൽ ബോഡീസിന്റേത്, ഗവൺമെന്റ് യാതൊരു കൺട്രോളുമില്ലാതെയാണ് കൊടുക്കുന്നത്. അവർ ചോദിക്കുന്ന കാശ് കൊടുത്തുകൊണ്ടിരിക്കുകയാണ്. ആദ്യം നമ്മൾ പതിനാലിൽ ഒരംശം എല്ലാ മാസവും കൊടുത്തു. പതിനാലിലൊന്ന് കൊടുക്കുമ്പോൾ അവസാനമാകുമ്പോൾ മുഴുവനും കൊടുക്കാമെന്നുള്ള അർത്ഥത്തിലാണ് കൊടുക്കുന്നത്. ഇപ്പോൾ ആ നിയന്ത്രണം പോലുമില്ലാതെ കാശ് കൊടുക്കുകയാണ്. അവർ ചെലവാക്കിയില്ലെങ്കിൽ ഞങ്ങൾ ഉത്തരവാദികളല്ല. അപ്പോൾ അതു കുറയാതെ യാതൊരു മാർഗ്ഗവുമില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : 213 ദിവസത്തെ ഓവർഡ്രാഫ്റ്റിന്റെ അധഃപതനത്തിൽ നിന്ന് 2005-06 വർഷത്തിൽ 47 ദിവസത്തെ ഓവർഡ്രാഫ്റ്റും അല്ലെങ്കിൽ കഴിഞ്ഞ നാലര മാസത്തിനിടയ്ക്ക് വെറും 7 ദിവസത്തെ ഓവർഡ്രാഫ്റ്റുമായി കേരളത്തെ സാമ്പത്തികമായ ഔന്നിത്യത്തിലേക്ക് നയിച്ച സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിന് സ്വീകരിച്ച സുപ്രധാന നടപടികൾ എന്തൊക്കെയാണെന്നും രണ്ടാം സംസ്ഥാന കമ്മീഷന്റെ പ്രധാന ശുപാർശകളും നടപടികളും എന്തൊക്കെയാണെന്നും പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ : It is a large question. ഈ രാജ്യത്ത് സാമ്പത്തിക ഭദ്രത വരുത്തുന്നതിന് വേണ്ടി ഞാൻ എന്നെത്തന്നെ കുരുതി കൊടുത്തു. എം.എൽ.എ.-മാർ ആയിരുന്നാലും എന്റെ പാർട്ടിയായിരുന്നാലും എന്നെ വിമർശിച്ചത് ഞാൻ ദൃഢമായ നടപടി സ്വീകരിച്ചതുകൊണ്ടാണ്. അതുകൊണ്ടാണ് ഇത്രയും സാമ്പത്തിക നേട്ടമുണ്ടായത്.

ശ്രീ. ബിനോയ് വിശ്വം: ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു അദ്ദേഹത്തിന്റെ പാർട്ടിയും എം.എൽ.എ.-മാരുമൊക്കെ വിമർശിച്ചുവെന്ന്. ഇപ്പോൾ അവരൊക്കെ വിമർശനം മാറ്റി. അപ്പോൾ സർക്കാരിന്റെയും സംസ്ഥാനത്തിന്റെയും ധനകാര്യ ഭദ്രതയെ കുരുതികൊടുത്തുകൊണ്ടാണോ അങ്ങ് ഇപ്പോൾ ആ വിമർശനങ്ങളെ മാറ്റിയെടുത്തത് ?

ശ്രീ. വക്കം പുരുഷോത്തമൻ : ഞാൻ പറഞ്ഞത് അതല്ല. ഇവിടെ സാമ്പത്തിക ഭദ്രത വരുത്തിയതിന് ശേഷമാണ് ഇന്നുള്ള രീതിയിലുള്ള ബഡ്ജറ്റ് അവതരിപ്പിക്കാൻ എനിക്ക് കഴിഞ്ഞത് എന്നാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : നമ്മുടെ ചെലവിനും കടത്തിന്റെ പലിശ കൊടുക്കാനും ശമ്പളം കൊടുക്കുന്നതിനുമാണ് സർക്കാരിന്റെ വലിയൊരു അംശം പണം ചെലവഴിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ചില സ്കീമുകൾക്ക് വേണ്ടി അഞ്ച് കൊല്ലക്കാലം, പത്ത് കൊല്ലക്കാലം ചില തസ്തികകൾ അനുവദിക്കുകയും ആ തസ്തികകൾ ആ പദ്ധതി ഇംപ്ലിമെന്റ് ചെയ്യുന്നത് വരെ തുടരുകയും ചെയ്യുക എന്നുള്ളത് പതിവാണ്. പക്ഷേ ഇവിടെ ചെയ്യുന്നത് അവരെ ഡിപ്ലോയ് ചെയ്ത് അവരുടെ പേരന്റ് വകുപ്പുകളിലേക്ക് അയയ്ക്കാതിരിക്കുകയാണ്. അവർ ഒരു ജോലിയുമില്ലാതെ ഇരിക്കുകയാണ്. ശമ്പളം കൂട്ടികൊടുക്കുന്നതിന് ഞാൻ എതിരല്ല ; അനുകൂലമാണ്. ശമ്പളം കൂട്ടി കൊടുക്കണം. പക്ഷേ ജോലിയും വേണം. ഇങ്ങനെയുള്ള തസ്തികകൾ ഒരു ജോലിയുമില്ലാതെ 40 വർഷമായി തുടരുകയാണ്. അവർക്ക് ഡിപ്ലോയ്മെന്റ് കൊടുത്ത് അവരെ ജോലിയുള്ള സ്ഥലത്തേക്ക് വിടുകയും തസ്തികകൾക്ക് വേണ്ടി ചെലവാക്കുന്ന പണം വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവാക്കുകയും വേണം. ഇതൊരു സ്ഥിരം ഏർപ്പാടാണ്. പദ്ധതിക്ക് വേണ്ടി തസ്തികകൾ അനുവദിക്കുകയും പദ്ധതി തീർന്ന് കേന്ദ്രത്തിന്റെ സഹായമില്ലാതായാലും ഇത് തുടരുകയുമാണ്. എല്ലാ ഗവൺമെന്റുകളുടെയും കാലത്ത് ഇത് നടന്നിട്ടുണ്ട്. രണ്ട് ഭാഗത്ത് നിന്നും ഇത് അംഗീകരിച്ചിട്ടുണ്ട്. പക്ഷേ ഇംപ്ലിമെന്റ് ചെയ്യാൻ നമുക്ക് കഴിയുന്നില്ല. അതുകൊണ്ട് പദ്ധതിക്ക് വേണ്ടി രൂപീകരിക്കപ്പെട്ട തസ്തികകൾക്ക് ഡിപ്ലോയ്മെന്റ് കൊടുത്ത് അവർക്ക് ജോലി കൊടുക്കണം. അങ്ങനെയുള്ള തസ്തികകൾ അവസാനിപ്പിക്കാനും ആ പണം മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി വിനിയോഗിക്കാനും ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള പറഞ്ഞത് വളരെ ശരിയാണ്. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്റ്റിൽ അത് ഉൾപ്പെടുത്തുകയും ചെയ്തു. പക്ഷേ അത്രയും നടക്കുന്നില്ല. അതിനുള്ള ശ്രമം നടക്കുന്നു എന്നുള്ളതല്ലാതെ വിജയിക്കുന്നില്ല എന്നുള്ളത് സത്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിൽത്തന്നെ 2000-01 വർഷാവസാനത്തിൽ 23,919 കോടി രൂപയായിരുന്നു കടബാദ്ധ്യത. 2004-05 വർഷാവസാനമായപ്പോൾ അത് 41,878 കോടി രൂപയായി വർദ്ധിച്ചു എന്ന് പറഞ്ഞിട്ടുണ്ട്. അതായത് കേരളത്തിന്റെ 44 കൊല്ലത്തെ ചരിത്രത്തിൽ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സമയത്തുണ്ടായിരുന്നതും അതിനു മുൻപിലത്തെ കടബാദ്ധ്യതയും കൂടി കൂട്ടിയിട്ടാണ് 23,919 കോടി രൂപ വരുന്നത്. നിങ്ങളുടെ നാല് വർഷത്തെ ഭരണം കൊണ്ട് 44 വർഷം കൊണ്ട് കേരളത്തിലുണ്ടായ ആകെ കടബാദ്ധ്യതയേക്കാൾ കൂടുതലായി വന്നു എന്നുള്ളത് അങ്ങ് അംഗീകരിക്കുന്നുണ്ടോ? അത് അംഗീകരിക്കുന്നുണ്ടെങ്കിൽ ധവളപത്രത്തിൽ നടത്തിയിട്ടുള്ള കള്ളപ്രചാര വേലകൾക്ക് ഈ സഭയിൽ പൊതുവിൽ മാപ്പ് പറയാൻ അങ്ങ് സന്നദ്ധമാകുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : ഇല്ല. ഒരു കാര്യത്തിലും മാപ്പ് പറയേണ്ട കാര്യമില്ല. നിങ്ങളുടെ കടത്തിന്റെ ഗ്രോത്ത് വളരെ കൂടുതലായിരുന്നു. അഞ്ച് കൊല്ലത്തിനിടയിൽ നിങ്ങളുടെ കടം 137% കൊണ്ട് ഉയർന്നു. നേരെമറിച്ച് ഇപ്പോൾ കഴിഞ്ഞ കൊല്ലം വരെ നാൽപ്പത്തൊരായിരത്തിൽ ചിലാനം കോടി രൂപയുടെ കടമുണ്ടായിരുന്നപ്പോൾ അത് വെറും 75% ആണ്. 31-12-2005 വരെയുള്ള കടം 44,350 കോടി രൂപയാണ്. എന്നാൽത്തന്നെയും 85 ശതമാനമേ ആകുന്നുള്ളു. നിങ്ങളുടെ കടത്തിന്റെ ഗ്രോത്ത് 137 ശതമാനമാണ്. പേഴ്സന്റേജ് ഓഫ് ഗ്രോത്താണ് നോക്കേണ്ടത്.

ശ്രീ. സി.പി. മുഹമ്മദ് : യു.ഡി.എഫ്. ഗവൺമെന്റ് ഇവിടെ ഭരണം തുടങ്ങിയ കാലത്ത് പുറപ്പെടുവിച്ച ധവളപത്രത്തെ ആസ്പദമാക്കിയാണ് ഇവിടെ രാഷ്ട്രീയപ്രേരിതമായ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഓവർഡ്രാഫ്റ്റിന്റെ കാര്യവും ഉദ്യോഗ നിയമനത്തിന്റെ കാര്യവും പെൻഷൻ നൽകിയതുമൊക്കെ ഇവിടെ ചൂണ്ടിക്കാണിച്ചു. ട്രഷറി പൂട്ടിയിടാതെ ഈ ഗവൺമെന്റ് ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തി, ജനക്ഷേമ പദ്ധതികൾ നടപ്പിലാക്കി. ധവളപത്രം ചൂണ്ടിക്കാണിച്ച് ആരോപണങ്ങൾ ഉന്നയിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ ഗവൺമെന്റിന് കഴിയാത്തതുകൊണ്ടാണ്. അതിനുവേണ്ടി ഈ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത് ?

ശ്രീ. വക്കം പുരുഷോത്തമൻ : അതിനുവേണ്ട നടപടി സ്വീകരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ പരമാവധി നടത്തിയെന്ന്. എന്നുമാത്രമല്ല ഞങ്ങളുടെ കാലത്തുണ്ടായതിനേക്കാൾ ഇരട്ടി നിയമനം നടത്തി എന്ന അവകാശവാദവും ഉന്നയിക്കുകയുണ്ടായി. എന്നാൽ സർക്കാർ സർവ്വീസിൽ 5,25,000 ജീവനക്കാരുണ്ടായിരുന്നത് ഇപ്പോൾ 4,75,000 മാത്രമേയുള്ളു. 75,000-ത്തോളം കുറഞ്ഞു. എന്താണ് ഇതിന് കാരണം ; അങ്ങ് പറഞ്ഞ കാര്യങ്ങൾ വസ്തുതകളുമായി പൊരുത്തപ്പെടുന്നില്ല എന്നല്ലേ ഇത് കാണിക്കുന്നത് ?

ശ്രീ. വക്കം പുരുഷോത്തമൻ : ഞാൻ പറഞ്ഞത് എൽ.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ പി.എസ്.സി. വഴി നിയമിച്ചതിനേക്കാൾ കൂടുതൽ ആളുകളെ ഈ കാലത്തിനുള്ളിൽത്തന്നെ നിയമിക്കാൻ കഴിഞ്ഞു എന്നാണ്. കുറഞ്ഞതിന്റെ കണക്ക് എന്റെ കയ്യിലില്ല. പക്ഷേ ഒരു കാര്യം നമ്മൾ ആലോചിക്കണം, ഈ സർക്കാർ ഉദ്യോഗസ്ഥരുടെ നമ്പർ കൂട്ടുന്നതിലാണോ രാജ്യത്തിന്റെ ഭരണമിരിക്കുന്നത് എന്ന് നിങ്ങൾ ആലോചിക്കണം. കാരണം നമ്മുടെ കടബാദ്ധ്യത ഇത്രയും വരുന്നത് എങ്ങനെയാണ് ? ആര് ഭരിച്ചാലും ഇതിൽ നിന്ന് എളുപ്പം രക്ഷപ്പെടാൻ കഴിയില്ല. എന്തുകൊണ്ടാണ് ? ശമ്പളവും പെൻഷനും പലിശയും എല്ലാം കൂടി നമ്മുടെ റവന്യൂ ഇൻകത്തിന്റെ 92 ശതമാനം പോകുന്നതുകൊണ്ടാണ്. നമ്മുടെ റവന്യൂ കമ്മി കുറച്ചുകൊണ്ട് വരാൻ കഴിഞ്ഞാലല്ലാതെ നമ്മുടെ കടം കുറയ്ക്കാൻ കഴിയില്ല. പ്ലാനിംഗ് കമ്മീഷൻ നമുക്ക് അലോട്ട് ചെയ്യുന്ന പ്ലാൻ ഫണ്ട് പോലും നമ്മൾ കടമെടുക്കുന്നതാണ്. അങ്ങനെ ഇരിക്കുമ്പോൾ അതൊരു പരിധിവരെ കുറയ്ക്കാതെ പറ്റില്ല. എന്നുവിചാരിച്ച് അവരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുകയില്ല. അവർക്ക് ഇന്ററിം റിലീഫ് കൊടുത്തു, അടുത്തമാസം മുതൽ ശമ്പളം വർദ്ധിപ്പിച്ചുകൊടുക്കാൻ പോവുകയാണ്. അവരുടെ ബെനിഫിറ്റ്സൊന്നും കുറയ്ക്കുന്നില്ല. അതുകൊണ്ട് എണ്ണം കുറഞ്ഞത് രാജ്യത്തിന് വലിയ അപകടകരമാണെന്ന് ഞാൻ കരുതുന്നില്ല.

ശ്രീ. തമ്പാനൂർ രവി : സർ, നിയമസഭ പാസ്സാക്കിയ ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ട് അനുസരിച്ച് ധനകമ്മി രണ്ട് ശതമാനമായി കുറയ്ക്കാമെന്നാണ് പറഞ്ഞിരുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് അത് ഏതാണ്ട് 7.2 ശതമാനമായിരുന്നു. 2000-2005-ൽ അത് 4.4 ശതമാനത്തിലേക്കായി. അങ്ങ് ഇവിടെ പറഞ്ഞതുപോലെ ഈ ധനക്കമ്മി കുറയ്ക്കാൻവേണ്ടി ആവശ്യം ഇല്ലാത്ത ഒരുപാട് തസ്തികകൾ കേരളത്തിലുണ്ട്. എന്നാൽ ആവശ്യം വേണ്ട തസ്തികകൾ വേണ്ടത്ര ഇല്ല. ഇത് രണ്ടുംകൂടി താരതമ്യപ്പെടുത്തിക്കൊണ്ട് ഒരു നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : വളരെ ബുദ്ധിപൂർവ്വമുള്ള നടപടികളാണ് ഈ രംഗത്ത് വേണ്ടത്. ആളുകൾക്ക് എംപ്ലോയ്മെന്റ് നഷ്ടപ്പെടാനും പാടില്ല; അതേ സമയത്ത്. നമ്മളുടെ റവന്യൂ എക്സ്പെൻഡിച്ചർ ക്രമാതീതമായി വർദ്ധിക്കാനും പാടില്ല. അതുകൊണ്ട് വളരെ ബുദ്ധിപൂർവ്വമായിട്ടുള്ള ഡിസിഷൻ ഈ രംഗത്ത് ആവശ്യമാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : അങ്ങ് ഇവിടെ പറഞ്ഞതിൽത്തന്നെ, രേഖകൾ അനുസരിച്ചും 2000-ൽ 6,285 രൂപയും പിന്നെ തന്ന ഒരു കണക്കിൽ 2003-ൽ 9,248 രൂപയുമാണ് പ്രതിശീർഷ കടം. നമ്മുടെ പ്രതിശീർഷ കടം ഓരോ മലയാളിക്കും ഇപ്പോൾ എത്ര രൂപയാണ് ?

ശ്രീ. വക്കം പുരുഷോത്തമൻ : കൂട്ടി നോക്കിയാൽ മതി. ഞാൻ ഇവിടെ പറഞ്ഞു, ലേറ്റസ്റ്റായിട്ട് കിട്ടുന്നതനുസരിച്ച് ഡിസംബർ 31-ാം തീയതിവരെയാണ്. അതനുസരിച്ച് 44,350 കോടി രൂപയാണ് മൊത്തം കടം.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി : റവന്യു കമ്മിയും ഓവർ ഡ്രാഫ്റ്റും ക്രമാനുഗതമായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞുവെന്നു ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കി. നമ്മുടെ ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനം കണ്ട് റവന്യു കമ്മി കുറയ്ക്കാൻ കഴിഞ്ഞുവെന്നു വ്യക്തമാക്കാമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : നേരത്തെ ഞാൻ പറഞ്ഞതാണ്. Three point something ആയിട്ട് കുറച്ചുകൊണ്ടു വന്നിട്ടുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : പ്ലാനിംഗ് കമ്മീഷന്റെയും ഫിനാൻസ് കമ്മീഷന്റെയും നിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ് കേരളത്തിന്റെ സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്താൻ വേണ്ടി ശ്രമിച്ചത് എന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. വിദ്യാഭ്യാസ മേഖലയിൽ കേരളം നേടിയിട്ടുള്ള നേട്ടം ഇന്ത്യക്ക് തന്നെ മാതൃകയാകുന്ന പ്രവർത്തനത്തിന്റെ ഫലമായി ആ മേഖല ഇന്ത്യയിൽ മറ്റേത് സംസ്ഥാനത്തെക്കാളും മെച്ചപ്പെട്ട് നിൽക്കുമ്പോഴും പ്ലാനിംഗ് കമ്മീഷന്റെയും ഫിനാൻസ് കമ്മീഷന്റെയും നിബന്ധനകൾ വച്ചുകൊണ്ട് കേരളത്തിന് കിട്ടേണ്ടിയിരുന്ന വിവിധ തലങ്ങളിലുള്ള ആനുകൂല്യങ്ങൾ നമ്മൾ മെച്ചപ്പെട്ടുവെന്നുള്ളതുകൊണ്ട് നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടാവുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളം ഒറ്റകെട്ടായി ഈ നിലപാടിനെതിരെ പോരാടണം. നമ്മൾ മെച്ചപ്പെട്ടുവെന്നുള്ളതുകൊണ്ട് നമുക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന ഈ സഹചര്യത്തെ മറികടന്നുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഫിനാൻസ് കമ്മീഷനിൽ നിന്നുമൊക്കെ ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ കൃത്യമായി നേടിയെടുക്കുന്നതിനു വേണ്ടി വിവിധ തലങ്ങളിലുള്ള പുതിയ പ്രോജക്ടുകളും രീതികളും ഒക്കെ ആവശ്യമാണ്. കേരളം അഭിമുഖീകരിക്കാൻ പോകുന്ന പ്രശ്നമായി പരിഗണിച്ച്, കേരളത്തിന്റെ മൊത്തം താല്പര്യം എന്ന രീതിയിൽ എങ്ങനെയാണ് ഇതിൽ ഇടപെടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

ശ്രീ. വക്കം പുരുഷോത്തമൻ : ഇതെല്ലാം ആദ്യമേതന്നെ പ്ലാനിംഗ് കമ്മീഷന്റെ ഡിസ്ക്കഷന് പോയപ്പോൾ ഞാൻ പറഞ്ഞതാണ്. നേരത്തെ ചില നേട്ടങ്ങൾ വന്നതിന്റെ സബ്സിക്വന്റ് പ്രോബ്ലംസ് വന്നിട്ടുണ്ട്. ആരോഗ്യ രംഗത്തെ നമ്മുടെ നേട്ടങ്ങളുടെ ഫലമായി ആയുർദൈർഘ്യം കൂടി. ആയുർദൈർഘ്യം കൂടിയപ്പോൾ oldage ഒരു പ്രശ്നമായി. അത് നമുക്ക് പരിഹരിക്കണം. വിദ്യാഭ്യാസം കൂടുതലാണ്. വിദ്യാഭ്യാസം കൂടുതൽ കിട്ടിയതുകൊണ്ട് എഡ്യൂക്കേറ്റഡ് അൺഎംപ്ലോയ്മെന്റിന്റെ പ്രശ്നം വന്നു അത് പരിഹരിക്കണമെന്നൊക്കെ നമ്മൾ പറഞ്ഞതാണ്. പക്ഷേ കൂടുതൽ ബാക്ക്വേർഡ് സംഗതികൾക്ക് മുൻഗണന കൊടുക്കുന്ന രീതിയിലുള്ള നോംസാണ് അവർ ഒടുവിൽ ആൾ ഇന്ത്യ ലവലിൽ സ്വീകരിച്ചത്. അതിനുശേഷം പ്രൈംമിനിസ്റ്ററെ കണ്ടപ്പോഴും പറഞ്ഞു. ഈ ഒരു മാനദണ്ഡം എടുത്തതുകൊണ്ട് നമുക്ക് ചില അവശതകൾ വന്നിട്ടുണ്ട്, അത് നമുക്ക് കോമ്പൻസേറ്റ് ചെയ്തു കിട്ടണമെന്നു നമ്മൾ പറഞ്ഞിട്ടുണ്ട്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : നമ്മുടെ റവന്യു വരുമാനത്തിൽ ഒരു വലിയ തുക കോടതികളുടെ ഇടപെടൽമൂലം കേസുകൾ കെട്ടിക്കിടക്കുന്നതുകൊണ്ട് നമുക്ക് പിരിഞ്ഞുകിട്ടാനുണ്ട്. അത് ആയിരക്കണക്കിന് കോടി രൂപയ്ക്ക് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് പിരിച്ചെടുക്കുന്നതിനുവേണ്ടി നമ്മൾ ഊർജ്ജിതമായ ഒരു ശ്രമം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ : കോടതിയുടെ സ്റ്റേ കോടതിക്ക് ഗ്രൗണ്ട് ഉണ്ടെങ്കിലേ അവർ വെക്കേറ്റ് ചെയ്യുകയുള്ളു. പക്ഷേ നമ്മൾ അതിനുവേണ്ടിയുള്ള ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. വക്കീലന്മാരുടെ അടുത്തും അത് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. വി. ജയരാജൻ : ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങളിൽ മുൻ ഗവൺമെന്റിന്റെ കാലത്തുണ്ടായതിനേക്കാൾ കൂടുതൽ നടത്തിയെന്ന് അവകാശപ്പെടുകയുണ്ടായി. അത് വാസ്തവ വിരുദ്ധമാണ്. അങ്ങ് കണക്ക് ഒന്നു പരിശോധിക്കണം. മുൻ ഗവൺമെന്റിന്റെ കാലത്ത് മൂന്നര ലക്ഷത്തോളം ആളുകൾക്ക് പി.എസ്.സി. വഴി നിയമനം കൊടുത്തതാണെന്ന് ഈ സഭയിൽ തന്നെ ഒരുപാട് തവണ വ്യക്തമാക്കിയതാണ്. നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല എന്ന് അങ്ങ് പറഞ്ഞു. അങ്ങയുടെ ഗവൺമെന്റ് 2001 ജൂൺ മാസം പുറപ്പെടുവിച്ച ധവള പത്രത്തിൽ അതിന്റെ ടേബിൾ എ(2)-ൽ പറയുന്നത് No new post will be created. All post that have remained vacant for over one year should be declared as abolished. ഈ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, ഈ ശുപാർശകളുടെ അടിസ്ഥാനത്തിൽ 2002 ജനുവരി മാസം 16-ാം തീയതി നിയമന നിരോധന ഉത്തരവ് ഇറക്കുകയും ചെയ്തു. പിന്നീട് കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. തോറ്റ് തുന്നം പാടിയപ്പോൾ കെ.പി.സി.സി.യുടെ സമ്പൂർണ്ണ യോഗം ഗവൺമെന്റിനോട് നിയമന നിരോധനം പിൻവലിക്കാൻ ആവശ്യപ്പെട്ടതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? മൂന്ന് വർഷക്കാലം കേരളത്തിൽ നിയമന നിരോധനം ഉണ്ടായിരുന്നു എന്ന കാര്യം സമ്മതിക്കുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : ഞാൻ പറഞ്ഞത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രണ്ട് തവണ ജി.ഒ. ഇഷ്യൂ ചെയ്തു. ഞങ്ങൾ ചെയ്തില്ല എന്നു പറഞ്ഞില്ല. രണ്ട് തവണ ഇഷ്യൂ ചെയ്ത ജി.ഒ.യും ഞാൻ ഇവിടെ കഴിഞ്ഞ ദിവസം ഹൗസിൽ വച്ചതാണ്. ജി.ഒ.നമ്പരും ഡേറ്റുമൊക്കെ വായിച്ചതാണ്. അപ്പോൾ നിരോധനം തുടങ്ങിയത് അന്നത്തെ ഗവൺമെന്റാണ് എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എം. എ. വാഹീദ് : കമ്മി നികത്തുന്നതിന് പുതിയ ധനാഗമ മാർഗ്ഗങ്ങൾ നമ്മൾ കണ്ടെത്തേണ്ടതുണ്ട്. നമുക്ക് കിട്ടേണ്ട ഒരുപാട് പണം കോടതിയിൽ വക്കീലന്മാരും ഗുമസ്തന്മാരുമായിട്ട് കൊണ്ടുപോവുകയാണ്. പ്രത്യേകിച്ച് ധനകാര്യ വകുപ്പുമന്ത്രി തന്നെ കൈകാര്യം ചെയ്യുന്ന എക്സൈസ് വകുപ്പിൽ ഒരുപാട് കേസുകൾ പെൻഡിംഗിലാണ്. അത് പലതും വെറുതെ വിടുകയാണ്. ഈ കേസുകൾ ഒരു കോമ്പൗണ്ടിംഗ് നടത്തി അതിന് ഒരു ഫൈൻ ഈടാക്കിയാൽ ലക്ഷക്കണക്കിന് രൂപ നമ്മുടെ ഖജനാവിലേക്ക് കൊണ്ടുവരാൻ കഴിയുന്ന രീതിയിൽ ഒരു കോമ്പൗണ്ടിംഗ് സമ്പ്രദായം എക്സൈസ് വകുപ്പിലെങ്കിലും നടപ്പിലാക്കണം. അതുപോലെ വനം വകുപ്പിലും നടപ്പിലാക്കണം. ഇവിടെയാണ് ഏറ്റവും കൂടുതൽ കേസുകൾ കെട്ടിക്കിടക്കുന്നത്. ഒരിക്കലും തീരുകയില്ല. തീരുന്ന കേസാണെങ്കിൽ ഗവൺമെന്റിന് ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. ഒരു പൈസ പോലും ഈടാക്കാതെ അവസാനം

ഉള്ളി തൊലിച്ചതുപോലെയാണ് ഈ കേസുകൾ തീരുന്നത്. അതുകൊണ്ട് ഈ കേസുകൾ കോമ്പൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തി റവന്യു വരുമാനം കൂട്ടുവാൻ സർക്കാരിന് ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വക്കം പുരുഷോത്തമൻ : അത് നല്ല നിർദ്ദേശമാണ്. ഗവൺമെൻറ് പരിഗണിക്കുന്ന നിർദ്ദേശമാണ്. കാരണം വളരെയധികം കേസുകൾ, എക്സൈസ് ഡിപ്പാർട്ടുമെന്റിന് നടത്താൻ കഴിയാത്ത രീതിയിലുള്ള അനേകം കേസുകൾ കോടതികളിൽ കിടക്കുകയാണ്. കേസുകൾ നല്ലതുപോലെ നടത്താൻ കഴിയുന്നില്ല. അവരുടെ മറ്റ് ഡ്യൂട്ടികൾ നല്ലതുപോലെ ചെയ്യാൻ കഴിയുന്നില്ല. ഇതിന്റെ പണിഷ്മെന്റ് വളരെ വലുതായതുകൊണ്ട് കേസ് എല്ലാം നല്ലതുപോലെ കണ്ടസ്റ്റ് ചെയ്യുന്നുണ്ട്. അതുകൊണ്ട് ഇത് കോമ്പൗണ്ട് ചെയ്യുന്ന കാര്യം ഗവൺമെന്റ് കാര്യമായിട്ട് ആലോചിച്ചതാണ്. അത് ഡിപ്പാർട്ടുമെന്റിൽ വന്നപ്പോൾ അവർ ചില പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചു. ഉടനെ അഡ്വക്കേറ്റ് ജനറലുമായിട്ട് ആലോചിച്ചു. അതനുസരിച്ച് അത് കോമ്പൗണ്ട് ചെയ്യുന്ന കാര്യം ഗവൺമെൻറ് തീർച്ചയായിട്ടും ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : റവന്യു കമ്മി കുറയ്ക്കാൻ ഏറെ സഹായകരമായിട്ടുള്ള വില്പന നികുതി വകുപ്പ് പുതുതായി രൂപം കൊടുത്തിട്ടുള്ള കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിംഗ് 546 കോടി രൂപയുടെ നികുതി ചോർച്ച സംബന്ധിച്ച് ഗവൺമന്റിന് പ്രിലിമിനറി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സഭയ്ക്കകത്ത് നൽകിയ രേഖാമൂലമുള്ള ഉത്തരത്തിൽ പറയുന്നതാണ്. ഇതിൽ എത്ര പണം പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് ; ഇത് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ സാമ്പത്തിക രംഗത്ത് ഈ ഗവൺമെന്റിന്റെ പിടിപ്പുകേടല്ലേ ഇത് സൂചിപ്പിക്കുന്നത് എന്നുള്ളത് വിശദീകരിക്കാമോ?

ശ്രീ. വക്കം പുരുഷോത്തമൻ : എത്ര ശ്രമിച്ചാലും പിടിപ്പുകേട് ഇവർക്ക് ഒഴിവാക്കാൻ ഒക്കുകയില്ല. ഓരോ ചോദ്യത്തിനും പിടിപ്പുകേട് പിടിപ്പുകേട് എന്നു പറയുകയാണ്. പ്രത്യേകം ചോദ്യമായിട്ട് ചോദിച്ചാൽ അതിന് ഉത്തരം പറയാം.

മി. സ്പീക്കർ: ചോദ്യം നമ്പർ 67

കൊല്ലം-കോട്ടപ്പുറം ജലപാത

2 [*67] ശ്രീ. ടി. എൻ. പ്രതാപൻ :
,, ഇ. എം. അഗസ്തി :
,, എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-കോട്ടപ്പുറം ജലപാതയുടെ പണി ആരംഭിച്ചുവോ ;

(ബി) പ്രസ്തുത ജലപാതയുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് ;

(സി) ഈ ജലപാത കൊല്ലത്തുനിന്ന് കോവളത്തേക്കും കോട്ടപ്പുറത്തുനിന്ന് കാസർകോട്ടേക്കും ദീർഘിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[13-2-2006-ലെ നക്ഷത്രചിഹ്നമിട്ട 1 (*66)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

* സർക്കാർ വകുപ്പുകൾ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വേണ്ടി കൊടുത്തിട്ടുള്ള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്തുന്നതിനും വേണ്ടി കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് 2003 നടപ്പിലാക്കിയിട്ടുണ്ട്.

* കഴിഞ്ഞ പദ്ധതി കാലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തസ്തികകൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുടരുന്നതിനും അല്ലാത്തവ ഉചിത മേഖലകളിലേക്ക് പുനർവിന്യാസം ചെയ്യുകയോ, ഒഴിവാക്കുകയോ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

* പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉചിതമായ പുനഃസംഘടനയിലൂടെ സംസ്ഥാന ബഡ്ജറ്റിൽ അധിക ബാദ്ധ്യത വരാതിരിക്കുവാനും അവയിൽ നിന്നും അധിക വരുമാനം ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* സംസ്ഥാന ഇലക്ട്രിസിറ്റിബോർഡ് നഷ്ടം ഒഴിവാക്കി പ്രവർത്തിക്കുന്നതിനും, സംസ്ഥാന ബഡ്ജറ്റിന് അധിക ബാദ്ധ്യതകൾ ഉണ്ടാകാതിരിയ്ക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* ടാക്സ്, ജി.എസ്.ഡി.പി., അനുപാതവും നോൺ ടാക്സ് - ജി.എസ്.ഡി.പി. അനുപാതവും മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുവാനുള്ള വിഹിതവും സഹായവും കൃത്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

* ഡബ്റ്റ് സ്വാപ്പ് സ്കീം പ്രകാരം ഉയർന്ന പലിശ നിരക്കിൽ എടുത്ത വായ്പകൾ കുറഞ്ഞ നിരക്കിൽ പലിശയുള്ള വായ്പകളായി മാറ്റിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I എ

[13-2-2006-ലെ നക്ഷത്രചിഹ്നമിട്ട 1 (*66)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

1. ദീർഘ വീക്ഷണത്തോടുകൂടിയ ധനമാനേജ്മെന്റും, സാമ്പത്തിക സുസ്ഥിരതയും ഉറപ്പു വരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്തം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്ന 2003-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത നിയമം 2003 ഡിസംബർ 5 മുതൽ പ്രാബല്യത്തിൽ വരുത്തി.
2. സംസ്ഥാന ഗവൺമെന്റ് നൽകുന്ന ഗ്യാരന്റികളുടെ പരമാവധി പരിധി നിശ്ചയിച്ചുകൊണ്ടുള്ള ഗ്യാരന്റികളുടെ പരമാവധി പരിധി നിയമം 2003 ഡിസംബർ 5 മുതൽ പ്രാബല്യത്തിൽ വരുത്തി.
3. അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിച്ചു.
4. പൊതുമേഖലാ സ്ഥാപനങ്ങൾ പുനഃസംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു.
5. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളിൽ തീരുമാനം എടുത്തിട്ടുണ്ട്.
6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകളുടെ സൂക്ഷിപ്പും ആഡിറ്റും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
7. ഉപധനാഭ്യർത്ഥനകളുടെ എണ്ണം വർഷത്തിൽ രണ്ടായി കുറയ്ക്കാൻ തീരുമാനിച്ചു.
8. അക്കൗണ്ടന്റ് ജനറലിന്റെ ധനകാര്യ കണക്കുകൾ ഓരോ വർഷവും താമസം വിനാ നിയമസഭയിൽ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
9. ബാദ്ധ്യതാ മാനേജ്മെന്റ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചു.
10. ഓരോ വർഷത്തെയും ബഡ്ജറ്റിൽ അതിനടുത്ത വർഷത്തേക്കുള്ള മുൻകൂർ തിട്ടപ്പെടുത്തലുകളും കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.
11. ചെലവ് നിർവ്വഹിക്കുന്ന വകുപ്പുകൾക്ക് ഫണ്ട് മുൻകൂർ നിശ്ചയിച്ച് ആവശ്യാനുസരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

വിശദീകരണ കുറിപ്പ്

ധനകമ്മിയും, റവന്യൂകമ്മിയും കുറച്ചുകൊണ്ടു വരുന്നതിലേക്കായി റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും റവന്യൂ ചെലവ് പരമാവധി ചുരുക്കുന്നതിലേക്കായും ഇതിനകം പല ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള വിഹിതവും സഹായവും കൃത്യമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ "ഡബ്റ്റ് സ്വാപ്പ് സ്കീം" ഉയർന്ന പലിശ നിരക്കിൽ എടുത്ത വായ്പകൾ കുറഞ്ഞ നിരക്കിൽ പലിശയുള്ള വായ്പകളായി മാറ്റിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2000-2001 മുതലുള്ള റവന്യൂ കമ്മിയും, ധനകമ്മിയും താഴെ പറയും പ്രകാരമാണ്:

(രൂപ കോടിയിൽ)

| | റവന്യൂ കമ്മി | ധന കമ്മി |
|---|---|---|
| 2000-2001 | 3147.06 | 3878.26 |
| 2001-2002 | 2605.64 | 3270.00 |
| 2002-2003 | 4122.15 | 4993.81 |
| 2003-2004 | 3680.30 | 5539.00 |
| 2004-2005 | 3668.92 | 4451.91 |
| 2005-2006 | 4493.75 (RE) | 5872.53 (RE) |

കേന്ദ്ര സർക്കാരുമായി സംസ്ഥാന സർക്കാർ ഒരു കത്ത് കൈമാറുകയും, ഇതനുസരിച്ച് ഇടക്കാല സാമ്പത്തിക പരിഷ്കരണ പരിപാടിക്ക് (MTFRP) രൂപം കൊടുത്ത് നടപ്പാക്കുകയും ചെയ്തിരുന്നു. ഇതേ തുടർന്ന് റവന്യൂ കമ്മി ക്രമാനുകതമായി ഇല്ലാതാക്കിക്കൊണ്ടും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായ വിധം കടത്തിന്റെ സ്ഥായിയായ മാനേജുമെന്റിലൂടെയും സർക്കാരിന്റെ ധനസംബന്ധമായ ഇടപാടുകളിലെ വർദ്ധിച്ച സുതാര്യതയിലൂടെയും ഒരു മിതകാല പദ്ധതിയിലൂടെ സാമ്പത്തിക നയം നടപ്പാക്കിക്കൊണ്ടും ദീർഘവീക്ഷണത്തോടുകൂടിയ ധന മാനേജുമെന്റും, സാമ്പത്തിക സുസ്ഥിരതയും ഉറപ്പു വരുത്തുന്നതിനുമുള്ള സർക്കാരിന്റെ ഉത്തരവാദിത്തവും, അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള കേരള ധന സംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് 2003 ഉം സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തദ്ദേശ അധികാര സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവക്കു വേണ്ടി കൊടുത്തിട്ടുള്ള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധിക്കും സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്തുന്നതിനും വേണ്ടി കേരളാ ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ആക്റ്റ് 2003 എന്നീ രണ്ട് ആക്റ്റുകൾ പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ മറ്റ് സാമ്പത്തിക പരിഷ്ക്കരണ നടപടികളും നടപ്പാക്കിക്കൊണ്ടിരിക്കുകയുമായിരുന്നു. എന്നാൽ 12-ാം ധനകാര്യ കമ്മീഷൻ നിലവിൽ വന്ന സാഹചര്യത്തിൽ നേരത്തെ കേന്ദ്ര സർക്കാരുമായി ഉണ്ടാക്കിയ ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ നടപടി സംബന്ധിച്ച ധാരണയ്ക്ക് ഇപ്പോൾ പ്രസക്തിയില്ല. 1-4-2005 മുതൽ 12-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളാണ് നടപ്പിലാക്കി വരുന്നത്.

സേവന നികുതിയെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് യൂണിയൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിനും കൂടി സേവന നികുതി പിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അതിനുള്ള അനുകൂല മറുപടി ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ചീഫ് സെക്രട്ടറി അയച്ച കത്തിന്റെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2002-2003 മുതലുള്ള റവന്യൂ കമ്മി ജി.എസ്.ഡി.പി. ശതമാനം താഴെ പറയും പ്രകാരമാണ്:

| 2002-03 | 2003-04 | 20004-05 | 2005-06 | | 2006-07 |
|---|---|---|---|---|---|
| | | | (B.E) | (R.E) | (B.E) |
| 5.1 % | 4.1 % | 3.7 % | 4.6 % | 4.02 % | 3.75 % |

2005 മേയ് 20-ലെ സർക്കാർ ഗസറ്റ് പ്രകാരം ധന സംബന്ധമായ ഉത്തരവാദിത്ത നിയമത്തിന്റെ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് റവന്യൂ കമ്മി 2005-06-ലും, 2006-07-ലും, ജി.എസ്.ഡി.പി. യുടെ യഥാക്രമം 2 ശതമാനമായും, പൂജ്യം ശതമാനമായും ധനകമ്മി 2005-06-ലും, 2006-07-ലും ജി.എസ്.ഡി.പി. യുടെ യഥാ ക്രമം 3.5 ശതമാനമായും, 2 ശതമാനമായും കുറയ്ക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. എന്നാൽ 12-ാം ധനകാര്യ കമ്മീഷൻ ശുപാർശകൾ പ്രകാരം 2008-09 കാലയളവിനുള്ളിൽ പ്രസ്തുത ലക്ഷ്യം കൈവരിച്ചാൽ മതിയാവുന്നതാണ്. അതിനുവേണ്ട നിയമ ഭേദഗതി ചെയ്യാവുന്നതുമാണ്.

Dated, November, 2005.

Dear,

I invite your kind attention to D.O. letter No. 334/10/2005-TRU dated 22-9-2005 inviting suggestions from the State Government as part of your budgetary exercise, and your further letter thereon dated 2-11-2005.

The following are the issues that we would like to flag from the Government of Kerala for action at your end:

Government of Kerala have introduced VAT from 1-4-2005, but contrary to our expectations the rate of growth of revenue has declined. The decline in revenue has severely affected the State. The compensation provided for the first three years on a tapering basis is not a permanent solution, and hence it is suggested that permanent mechanisms to compensate the revenue loss on account of VAT be introduced.

In this context we would particularly urge you to notify into effect the amendment already made in the statutes for the States to levy tax on textiles, tobacco and its products, and sugar.

It is also suggested that the States be permitted to levy tax on services. We suggest that a Central Legislation be passed under which States can levy and collect tax. We request urgent action on this front because service tax is a virtually untapped area, with only about 2% of the Union Budget Revenues being raised from service tax whereas more than 50% of the GDP is accounted

LIBRARY ARCHIVES Kerala Legislative Assembly

by the service sector. If the State Government machinery is called in to substitute/complement the limited reach of the Central Excise Department service tax revenue should grow manifold.

Government of India and the Empowered Committee of State Finance Ministers have been discussing the phasing out of Central Sales Tax, but in the context of revenue loss on account of introduction of VAT, it is suggested that a decision in the matter be taken only after the issue of devolution of service tax and authorization of the States to levy tax on AED goods are finalized.

It may be recalled that States are not authorised at present to levy tax on imports, which is a substantial deviation from the basic principles of VAT. We request that the States be allowed to realize their legitimate revenue from the source, especially against the backdrop of problems faced by us with VAT.

The State has also certain points to make on the rates of import and other duty levied by the Central Government in the course of the Union Budget.

We have two SLPE's manufacturing Titanium Dioxide. The progressive reduction in the rate of import duty effected by successive budget has impacted them hard. The import duty on Titanium Dioxide Pigment which was 131% a few years ago now stands at 15%, and the anti-dumping duty imposed by Notification No. 54/2004-Cus dated 19-4-2004 on imports from China have been inadequate in our view. We request that the import duty on Titanium Dioxide Pigment may be enhanced to 40% at least for a couple of years, during which time our efforts to infuse modern technology in the SLPE should bear fruit.

We also have a problem with Rutile Grade Titanium Dioxide that is being manufactured by another of our SLPE's. We request that the import duty of 15% on this item should not be reduced further.

The Agriculturists in the State are constantly threatened by imports of spices such as Pepper and Cardamom which depresses their prices and hence incomes. While it is true that the applied rate of duty is 70%, under-valuation of import consignments, especially of Cardamom is affecting us badly. 70% duty on the current price of Cardamom at Rs. 350 comes to about Rs. 245; we would request that the import duty on Cardamom be made a specific duty at Rs. 250/Kg.

Rubber is another very sensitive commodity in Kerala, affecting about one million small growers here. Hence it is requested that the import duty on Natural Rubber may be retained at the existing level of 20% and the duty on Latex at 70%.



LIBRARY ARCHIVES Kerala Legislative Assembly

We would request that these suggestions of the State Government may be given due weightage while formulating the Union Budget 2006-2007.

Yours sincerely,

(C. RAMACHANDRAN)

Shri K. M. Chandrasekhar,
Revenue Secretary,
Government of India,
Ministry of Finance,
North Block,
New Delhi-110 001.

LIBRARY ARCHIVES Kerala Legislative Assembly